"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി എന്നീ തസ്തികകളിലേയ്ക്കുള്ള ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം / നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1729/2024/GAD തീയതി,തിരുവനന്തപുരം, 18-04-2024

---

പരാമർശം:-

1. 03.04.2024 -ലെ സ.ഉ.(സാധാ) നം.3192/2024/ധന
2. 14/03/2024-ലെ സ.ഉ (സാധാ) നം.2437/2024/ധന
3. 15/03/2024 - ലെ സ.ഉ (സാധാ) നം. 1240/2024/പൊ.ഭ.വ
4. 04/03/2024 തീയതിയിലെ SS2/66/2023-GAD നം. വിജ്ഞാപനം.
5. 24/01/2024 - ലെ സ.ഉ (സാധാ) നം. 38/2024/WCDD
6. 09/02/2024 -ലെ സ.ഉ (സാധാ)നം166/2024/PWD
7. 22/02/2024 - ലെ സ.ഉ (സാധാ) നം. 64/2024/SCSTD

**ഉത്തരവ്**

123700-166800 രൂപ ശമ്പളസ്കെയിലിലുള്ള അഡീഷണൽ സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം/നിയമനം

1. സീനിയർ മോസ്റ്റ് ജോയിന്റ് സെക്രട്ടറിയും നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സെലെൻ സ് (KASE) കാര്യാലയത്തിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീ ഉദയൻ സി സി (പെൻ: 100756) – ക്ക്, പരാമർശം (2) പ്രകാരം ധനകാര്യ വകുപ്പിൽ അഡീഷണൽ സെക്രട്ടറിയുടെ ഒരു തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതു മൂലമുണ്ടായ ഒഴിവിൽ, അഡീഷണൽ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ ഉദയൻ സി സി-യെ ധനകാര്യ വകുപ്പിൽ നിയമിക്കുന്നു.

2. തൊട്ടടുത്ത സീനിയർ ആയ ജോയിന്റ് സെക്രട്ടറിയും നിലവിൽ കാസർകോഡ് വികസന പാക്കേജിൽ സ്പെഷ്യൽ ഓഫീസർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ ജോലിചെയ്തു വരുന്നതുമായ ശ്രീ. ചന്ദ്രൻ വി (പെൻ: 100529) —ക്ക് അഡീഷണൽ സെക്രട്ടറി ശ്രീ. പി .വി. ജയൻ സർവ്വീസിൽ നിന്നും വിരമിച്ചത് മൂലമുണ്ടായ ഒഴിവിൽ, അഡീഷണൽ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

അഡീഷണൽ സെക്രട്ടറി തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തെ തുടർന്നും ശ്രീ. ചന്ദ്രൻ വി—യെ കാസർകോഡ് വികസന പാക്കേജിൽ സ്പെഷ്യൽ ഓഫീസർ തസ്തികയിൽ അന്യത്രസേവനത്തിനു ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി തുടരാൻ അനുവദിക്കുന്നു.

3. തൊട്ടടുത്ത സീനിയർ ആയ ജോയിന്റ് സെക്രട്ടറിയും നിലവിൽ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഫിനാൻസ് അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ ജോലിചെയ്തു വരുന്നതുമായ ശ്രീ. ഷാജി എ (പെൻ: 100488) — ക്ക് ശ്രീ. ചന്ദ്രൻ വി—യെ കാസർകോഡ് വികസന പാക്കേജിൽ അഡീഷണൽ സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനു ശേഷവും അന്യത്രസേവനത്തിൽ തുടരാൻ അനുവദിക്കുന്ന ഒഴിവിൽ, കേരള സർവ്വീസ് റൂൾ സ് -ലെ ചട്ടം 37 Ruling No. 1 -ൽ ഇളവ് വരുത്തിക്കൊണ്ട് അഡീഷണൽ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

അഡീഷണൽ സെക്രട്ടറി തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തെ തുടർന്നും ശ്രീ. ഷാജി എ—യെ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ -ൽ ഫിനാൻസ് അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ അന്യത്രസേവനത്തിനു ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി തുടരാൻ അനുവദിക്കുന്നു.

4. തൊട്ടടുത്ത സീനിയർ ആയ ജോയിന്റ് സെക്രട്ടറി ശ്രീ. പി ഗോപകുമാർ (പെൻ: 100528)-ന്, ശ്രീ. ഷാജി. എ —യെ അഡീഷണൽ സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനു ശേഷവും അന്യത്രസേവനത്തിൽ തുടരാൻ അനുവദിക്കുന്ന ഒഴിവിൽ, അഡീഷണൽ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. പി ഗോപകുമാർ -നെ ധനകാര്യ വകുപ്പിൽ നിയമിക്കുന്നു.

5. തൊട്ടടുത്ത സീനിയർ ആയ ജോയിന്റ് സെക്രട്ടറിയും നിലവിൽ പ്രിസൺസ് ഹെഡ്ക്വാർട്ടേഴ്സിൽ (കേഡർ തസ്തിക) സീനിയർ ഫിനാൻസ് ഓഫീസറുമായ ശ്രീ. ആർ ബിജുകുമാർ (പെൻ: 100527)- ന് പരാമർശം (1) പ്രകാരം ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയായ ശ്രീ മനോജ്. എസ് -നെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിലെ ജനറൽ മാനേജർ (അപ്രൈസൽ) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവിൽ, അഡീഷണൽ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തിന് ശേഷം ശ്രീ. ആർ ബിജുകുമാർ -നെ ധനകാര്യ വകുപ്പിൽ നിയമിക്കുന്നു.

<u>118100-163400 രൂപ ശമ്പളസ്കെയിലിലുള്ള ജോയിന്റ് സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം / നിയമനം</u>

1. സീനിയർ മോസ്റ്റ് ഡെപ്യൂട്ടി സെക്രട്ടറിയും നിലവിൽ കേരള ഡെവലപ്മെൻറ്& ഇന്നവേഷൻ സ്ട്രാറ്റജിക്ക് കൗൺസിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി. ജസീല ടി പി (പെൻ: 100555) — ക്ക്, പരാമർശം (2) പ്രകാരം ധനകാര്യ വകുപ്പിൽ ജോയിന്റ് സെക്രട്ടറിയുടെ ഒരു തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതു മൂലമുണ്ടായ ഒഴിവിൽ, ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീമതി. ജസീല ടി പി - യെ, നിലവിൽ അഗ്രികൾച്ചർ ഡയറക്ടറേറ്റിൽ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിൽ (കേഡർ തസ്തിക) സേവനമനുഷ്ഠിക്കുന്ന ശ്രീമതി ബി ഷഫീന -യെ ധനകാര്യ വകുപ്പിലേക്ക് സ്ഥലംമാറ്റി നിയമിച്ച് കൊണ്ട് അഗ്രികൾച്ചർ ഡയറക്ടറേറ്റിൽ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

2. തൊട്ടടുത്ത സീനിയർ ആയ ഡെപ്യൂട്ടി സെക്രട്ടറിയും നിലവിൽ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ (കേഡർ തസ്തിക) സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിൽ

സേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീ. പ്രസാദ് ആർ (പെൻ: 100589) — നു, ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ പി. ഗോപകുമാർ -ന് അഡീഷണൽ സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിക്കുന്ന ഒഴിവിൽ ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. പ്രസാദ് ആർ -നെ ധനകാര്യ വകുപ്പിൽ നിയമിക്കുന്നു.

3. തൊട്ടടുത്ത സീനിയർ ആയ ഡെപ്യൂട്ടി സെക്രട്ടറിയും നിലവിൽ കമ്മീഷൻ ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് -ൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീമതി രമാദേവി എൻ (പെൻ: 100619) — നു, ജോയിന്റ് സെക്രട്ടറിയായ ശ്രീ ആർ. ബിജുകുമാർ -ന് അഡീഷണൽ സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിക്കുന്ന ഒഴിവിൽ ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീമതി രമാദേവി എൻ -നെ പ്രിസൺസ് ഹെഡ്ക്വാർട്ടേഴ്സ് -ൽ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

<u>107800-160000 രൂപ ശമ്പളസ്കെയിലിലുള്ള ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം / നിയമനം</u>

1. സീനിയർ മോസ്റ്റ് അണ്ടർ സെക്രട്ടറിയും നിലവിൽ കേരള സ്റ്റേറ്റ് മൈനോറിറ്റി കമ്മീഷനിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീ. ജയ് മോഹൻ എൻ. (പെൻ: 100940) — ന്, പിന്നോക്ക വിഭാഗ വികസന ഡയറക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ തസ്തികയിൽ (കേഡർ തസ്തിക) സേവനമനുഷ്ഠിച്ചിരുന്ന ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. ഷാജി വി, സർവീസിൽ നിന്നും വിരമിച്ചതു മൂലമുണ്ടായ ഒഴിവിൽ, ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. ജയ് മോഹൻ എൻ -നെ പിന്നോക്ക വിഭാഗ വികസന ഡയറക്ടറേറ്റ് -ൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

2. തൊട്ടടുത്ത സീനിയർ ആയ അണ്ടർ സെക്രട്ടറി ശ്രീ. മുരളീധരൻ പിള്ള എം (പെൻ: 100425)- ന് ശ്രീ. പ്രസാദ് ആർ, ജോയിന്റ് സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ചെയ്യപ്പെടുന്നതു മൂലമുണ്ടാകുന്ന ഒഴിവിൽ, ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം

നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. മുരളീധരൻ പിള്ള എം -നെ ധനകാര്യ വകുപ്പിൽ നിയമിക്കുന്നു.

3. തൊട്ടടുത്ത സീനിയർ ആയ അണ്ടർ സെക്രട്ടറിയും നിലവിൽ സൈനിക് വെൽഫയർ ഡയറക്ടറേറ്റിൽ (കേഡർ തസ്തിക) ഫിനാൻസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി മീനാംബിക. കെ ബി (പെൻ: 100941) —ക്ക്, ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. സജീഷ് കുനിയിൽ, പരാമർശം (3) പ്രകാരം രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു-പുരാരേഖ വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ അസ്സിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവിൽ, ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീമതി മീനാംബിക. കെ ബി -യെ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

<u>63700-123700 രൂപ ശമ്പളസ്കെയിലിലുള്ള അണ്ടർസെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം / നിയമനം</u>

1. സീനിയർ മോസ്റ്റ് അക്കൗണ്ട്സ് ഓഫീസറും നിലവിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അന്യത്രസേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി ദേവിപ്രിയ ആർ ജി (പെൻ: 296343) — യ്ക്ക്, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ -ന്റെ ഓഫീസിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ (കേഡർ തസ്തിക) സേവനമനുഷ്ഠിച്ചിരുന്ന അണ്ടർ സെക്രട്ടറി ശ്രീ ഷാജി എ കെ, പരാമർശം (5) പ്രകാരം വനിത വികസന കോർപ്പറേഷനിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവിൽ, അണ്ടർ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീമതി ദേവിപ്രിയ ആർ ജി - യെ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

2. തൊട്ടടുത്ത സീനിയർ ആയ അക്കൗണ്ട്സ് ഓഫീസർ ശ്രീമതി ശശികല വി (പെൻ: 296346) — ക്ക്, ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീമതി സരസ്വതി പി വി

പരാമർശം (7) പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ്-ൽ ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവിൽ, അണ്ടർ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീമതി ശശികല വി- യെ, ധനകാര്യ വകുപ്പിൽ നിയമിക്കുന്നു.

3. തൊട്ടടുത്ത സീനിയർ ആയ അക്കൗണ്ട്സ് ഓഫീസർ ശ്രീമതി രഞ്ജിനി കെ എസ് (പെൻ: 296344) — ന്, പരാമർശം (2) പ്രകാരം ധനകാര്യ വകുപ്പിൽ അണ്ടർ സെക്രട്ടറിയുടെ ഒരു തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതു മൂലമുണ്ടായ ഒഴിവിൽ, അണ്ടർ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീമതി രഞ്ജിനി കെ എസ് - നെ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ -ന്റെ ഓഫീസിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

4. തൊട്ടടുത്ത സീനിയർ ആയ അക്കൗണ്ട്സ് ഓഫീസർ ശ്രീമതി സുധാകുമാരി ഒ (പെൻ: 310945) — ക്ക്, ശ്രീ. മുരളീധരൻ പിള്ള എം, ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ചെയ്യപ്പെടുന്നതു മൂലമുണ്ടാകുന്ന ഒഴിവിൽ, അണ്ടർ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീമതി സുധാകുമാരി ഒ -യെ സൈനിക് വെൽഫയർ ഡയറക്ടേറ്റിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

5. തൊട്ടടുത്ത സീനിയർ ആയ അക്കൗണ്ട്സ് ഓഫീസർ ശ്രീമതി സ്മിത കെ.ജി (പെൻ: 296342) — യ്ക്ക്, ശ്രീമതി മീനാംബിക കെ.ബി ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ചെയ്യപ്പെടുന്നതു മൂലമുണ്ടാകുന്ന ഒഴിവിൽ, അണ്ടർ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീമതി സ്മിത കെ.ജി - യെ, ധനകാര്യ വകുപ്പിൽ നിയമിക്കുന്നു.

<u>നിയമനം</u>

അന്യത്രസേവനത്തിനു ശേഷം ധനകാര്യ വകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ള അണ്ടർ സെക്രട്ടറി ശ്രീമതി നിഷ. കെ.എം. -നെ പരാമർശം (2) ഉത്തരവു പ്രകാരം സൃഷ്ടിച്ച അണ്ടർ സെക്രട്ടറിയുടെ ഒഴിവിൽ ധനകാര്യ വകുപ്പിൽ നിയമിക്കുന്നു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആർ.റ്റി.സി പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിൽ ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ധനകാര്യ വകുപ്പ് മുഖാന്തിരം)
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
ഡയറക്ടർ, കൃഷി വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
ഡി.ജി.പി, പ്രിസൺ ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം
ഡയറക്ടർ, പിന്നോക്ക വിഭാഗ വികസന ഡയറക്ടേറേറ്റ്, തിരുവനന്തപുരം
കമ്മീഷണർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, തിരുവനന്തപുരം
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്, തിരുവനന്തപുരം
ഡയറക്ടർ, സൈനിക് വെൽഫയൽ ഡയറക്ടറേറ്റ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar
സെക്ഷൻ ഓഫീസർ
Date: 18-04-2024 13:34:24

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പി.എസ് -ന്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ് -ന്
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്